(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ താൽക്കാലികമായി കോൺട്രാക്ട് വ്യവസ്ഥയിൽ നിയമനം നടത്തുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ്വഴി നടത്തുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ;

(സി) സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും താൽക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി തന്നെ നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിയുന്നിടത്തോളം നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ വഴിയും പി.എസ്.സി.യുടെ പരിധിയിൽ വരാത്തവ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും, ഓഫീസർമാരുടെ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും കിട്ടുന്നതും, ദിനപത്രങ്ങളിലെ പരസ്യങ്ങൾവഴി കിട്ടുന്നതുമായ സായുക്തപട്ടികയിൽനിന്ന് തെരഞ്ഞെടുത്തും നിയമിക്കണമെന്നതാണ് നിലവിലുള്ള മാർഗ്ഗനിർദ്ദേശം. എന്നാൽ ചില പ്രത്യേക പരിസ്ഥിതിയിൽ നിയമനം ആവശ്യമുള്ള തസ്തികകളിലെ വിദഗ്ധപരിചയം, നിയമനകാലാവധി, പദ്ധതിയുടെ സവിശേഷത മുതലായവ കണക്കിലെടുത്ത് ഒരു നിശ്ചിത കാലയളവിലേക്ക് 'കോൺട്രാക്ട്' വ്യവസ്ഥയിൽ നിയമനം നടത്തേണ്ടതായി വരും. അങ്ങനെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിതന്നെ നടത്തണമെന്നുള്ളതാണ് നിലവിലുള്ള സർക്കാർ നിർദ്ദേശം: എന്നാൽ നിയമനം ആവശ്യമുള്ള തസ്തികകളിലെ വിദഗ്ധപരിചയം, നിയമനകാലാവധി, പദ്ധതിയുടെ സവിശേഷത മുതലായ സാങ്കേതിക കാരണങ്ങളാൽ ഒഴിച്ചുകൂടാൻ കഴിയാത്ത പരിതസ്ഥിതിയിൽ മാത്രമേ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമനം നടത്തുവാൻ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവാദം നൽകാറുള്ളൂ.

290 (1469) വൃദ്ധ സദനങ്ങൾ

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും വൃദ്ധസദനങ്ങൾ നിർമ്മിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) അനാഥരായ വൃദ്ധരുടെ സംരക്ഷണം ഒരു സാമൂഹ്യ ബാദ്ധ്യതയായി കണക്കിലെടുത്ത് ഇവരുടെ സംരക്ഷണം ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ നിന്നും സന്നദ്ധസംഘടനകൾക്ക് ധനസഹായം ലഭിക്കുന്നുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്ത് ധനസഹായം ലഭിക്കുന്ന സന്നദ്ധ സംഘടനകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിൽ വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുമോ?

ഉത്തരം

(എ)&(ബി) എല്ലാ പഞ്ചായത്ത് മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും വൃദ്ധസദനങ്ങൾ നിർമ്മിക്കാനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പത്തനംതിട്ട ജില്ല ഒഴികെ മറ്റു ജില്ലകളിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ അനാഥരായ വൃദ്ധരുടെ സംരക്ഷണത്തിനായി വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(സി)&(ഡി) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ധനസഹായത്തിനുള്ള അപേക്ഷ ശുപാർശചെയ്യുക മാത്രമാണ് സംസ്ഥാന സർക്കാർ ചെയ്യുന്നത്. ഈ പദ്ധതിപ്രകാരം പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും വൃദ്ധസദനങ്ങൾ നടത്തുന്നതിന് 30 ലക്ഷം രൂപവരെ ധനസഹായം ലഭിക്കും. സംഘടനകൾക്ക് ധനസഹായം കേന്ദ്രത്തിൽനിന്നും നേരിട്ടാണ് ലഭിക്കുന്നത്. സംസ്ഥാന സർക്കാർ വഴിയല്ല. അതിനാൽ ധനസഹായം കൈപ്പറ്റുന്ന സംഘടനകളുടെ ലിസ്റ്റ് സർക്കാരിൽ ലഭ്യമല്ല.

(ഇ) ഇത്തരം പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നില്ല. എന്നാൽ യുക്തമായ അപേക്ഷ ലഭിക്കുന്നപക്ഷം കേന്ദ്ര സഹായത്തിനായി ശുപാർശ ചെയ്യാൻ കഴിയും.

291 (1470) ഫാമിലി കൗൺസിലിംഗ് സെന്ററുകൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃദ്ധജനങ്ങളുടേയും അഗതികളായ സ്ത്രീകളുടേയും ക്ഷേമത്തിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇപ്പോൾ സർക്കാർ അധീനതയിൽ വൃദ്ധസദനങ്ങൾ എവിടെ എല്ലാം പ്രവർത്തിക്കുന്നു;

(സി) ഫാമിലി കൗൺസിലിംഗ് സെന്ററുകൾ ഇപ്പോൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു;

(ഡി) വർദ്ധിച്ചുവരുന്ന ആത്മഹത്യാനിരക്ക് കുറയ്ക്കുന്നതിന് ഈ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സാധു വൃദ്ധജനങ്ങളുടെ പുനരധിവാസം, പരിപാലനം, സംരക്ഷണം എന്നിവ ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പത്തനംതിട്ട ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളിലും വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. പത്തനംതിട്ട ജില്ലയിലും വൃദ്ധസദനം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വൃദ്ധസദനങ്ങളിലെ ഓരോ അന്തേവാസിക്കും പ്രതിമാസം 250 രൂപയും, വസ്ത്രം, കിടക്ക, മരുന്ന് എന്നിവയ്ക്കായി പ്രതിവർഷം 200 രൂപയും സർക്കാർ അനുവദിച്ചുവരുന്നു. ഇതുകൂടാതെ ഓരോജില്ലയിലും ഓരോ വൃദ്ധസദനങ്ങൾ തുടങ്ങുന്നതിനുവേണ്ടി കെട്ടിടം

LIBRARY ARCHIVES Kerala Legislative Assembly